**KERALA STATE**
**FINANCIAL ENTERPRISES STAFF ASSOCIATION (CITU)**
**Reg. No.180/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U. No.K.1128)**
**Email : ksfesacitusc@gmail.com, web:www.ksfesa.com**

President : **Elamaram Kareem MP**
Mob : 9400307786

General Secretary : **S. Muraleekrishnapillai**
Mob : 9446538432

## സർക്കുലർ 2/18

സഖാക്കളെ,

17.09.18, 17.10.18 എന്നീ തീയതികളിൽ സംസ്ഥാന കമ്മിറ്റി യോഗങ്ങളിലും പെർഫോമൻസ് ഇൻസെന്റീവ് പ്രശ്നത്തിൽ നാം സ്വീകരിച്ച ബഹിഷ്ക്കരണസമരം ഒത്തുതീർപ്പാക്കാനായി 24.09.18ന് മാനേജ്മെന്റ് തലത്തിലും തുടർന്ന് 12.10.18ന് സർക്കാർ തലത്തിലും നടന്ന ചർച്ചകളിലും ഉണ്ടായ പ്രധാന തീരുമാനങ്ങൾ ചുവടെ കൊടുക്കുന്നു.

1. **പെർഫോമൻസ് ഇൻസെന്റീവ് ബഹിഷ്ക്കരണ സമരം**

പെർഫോമൻസ് ഇൻസെന്റീവ് വിഷയത്തിൽ അംഗീകൃത കീഴ്വഴക്കങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച സമീപനത്തിനെതിരെയാണ് നാം ബഹിഷ്ക്കരണ സമരം പ്രഖ്യാപിച്ചത്. നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ കാലവർഷക്കെടുതിയിൽ കേരളം വിറങ്ങലിച്ചുനിന്ന സാഹചര്യത്തിൽ മറ്റൊരു സമരരീതി നമുക്ക് സാധ്യമല്ലായിരുന്നു. ഇൻസെന്റീവ് കൈപ്പറ്റിയാൽ തുടർ ചർച്ചയുടെ വാതിലും അടയുമായിരുന്നു. അതുകൊണ്ടാണ് സംഘടന അതിൽ അണിചേർന്നിട്ടുള്ള അംഗങ്ങളുടെ സംഘ ക്കരുത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇത്തരമൊരു ത്യാഗപൂർണ്ണമായ സമരരീതി അവലംബിച്ച ത്. ആവേശപൂർവ്വം അണിചേർന്ന സഖാക്കളെ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു. വ്യക്തി താല്പര്യത്തിനുപരി ഐക്യത്തിനും സംഘടനാബോധത്തിനും ഊന്നൽ നൽകിയ അംഗങ്ങളുടെ പ്രത്യേകിച്ചും യുവതലമുറയുടെ പ്രതികരണം അവകാശങ്ങൾ നേടിയെടുക്കാനായുള്ള വരുംകാല പ്രക്ഷോഭങ്ങൾക്കും വഴികാട്ടിയാകും; സംശയമില്ല.

പ്രളയ ദുരിതത്തിന്റെ ആദ്യഘട്ടത്തിൽനിന്നും ഇച്ഛാശക്തിയുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ ഐക്യത്തോടെ കേരളം തിരിച്ചുവന്ന സാഹചര്യത്തിലാണ് 17.09.18ന് സംസ്ഥാന കമ്മിറ്റി ചേർന്നത്. ന്യായമായ ആവശ്യം നേടിയെടുക്കാനായി ശക്തമായ തുടർ നടപടികൾ സ്വീക രിക്കാൻ കമ്മിറ്റി യോഗം തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റി യോഗതീരുമാനപ്രകാരം നമ്മുടെ പ്രസി ഡന്റ് സ. എളമരം കരീം എം.പി. മാനേജ്മെന്റിനോടും ധനമന്ത്രി സ. ഡോ. ടി.എം. തോമസ് ഐസക്കിനോടും എത്രയും വേഗം ചർച്ച വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടു. ഇതിനെ തുടർന്ന് 24.09.18ന് തിരുവനന്തപുരം വെർചൽ ശാഖയിൽ വിളിച്ചുചേർത്ത ചർച്ചയിൽ പ്രശ്നം തീർക്കുന്നതിൽ ഉണ്ടാകുന്ന കാലവിളംബത്തിൽ നാം ശക്തിയായി പ്രതിഷേധിക്കുകയും പ്രശ്നം അടിയന്തിരമായി പരിഹരിച്ചില്ലെങ്കിൽ പണിമുടക്കുൾപ്പെടെയുള്ള പ്രത്യക്ഷ സമരപരിപാ ടികൾ സ്വീകരിക്കുമെന്നും മുന്നറിയിപ്പ് നൽകി. പ്രശ്നം പരിഹരിക്കുന്നതുവരെ മാനേജ്മെന്റുമായി സഹകരിക്കാൻ ബുദ്ധിമുട്ടാണെന്നും അറിയിച്ചു. നമ്മുടെ ആവശ്യം ന്യായമാണെന്ന് മാനേജ്മെന്റ് അംഗീകരിച്ചു. ഇൻസെന്റീവ് തുക സർക്കാർ ഉത്തരവ് വഴി വിതരണം ചെയ്തതാണ് എന്നതി നാൽ മാനേജ്മെന്റിന് പരിമിതിയുണ്ടെന്നും എങ്കിലും ചർച്ചയുടെ വെളിച്ചത്തിൽ പ്രശ്നത്തിന്റെ ഗൗരവം സർക്കാരിനെ ബോധ്യപ്പെടുത്തുമെന്നും മാനേജ്മെന്റ് അറിയിച്ചു. തുടർന്ന് 12.10.18ന് ബഹു.

ധനമന്ത്രി സ. ഡോ. ടി.എം. തോമസ് ഐസക്കിന്റെ ചേംബറിൽ വച്ചു നമ്മെ ചർച്ചയ്ക്ക് വിളിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30ന് നടന്ന ചർച്ചയിൽ നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് നമ്മുടെ പ്രസിഡന്റ് സ. എളമരം കരീം എം.പി.യടക്കമുള്ള സംസ്ഥാന ഭാരവാഹികൾ പങ്കെടുത്തു. ഒരു വിഭാഗം ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമായി ഇൻസെന്റീവ് തുക വർദ്ധിപ്പിച്ചുനൽകിയതിൽ ശക്തമായ പ്രതിഷേധം ജീവനക്കാരിലുണ്ടെന്ന് നാം മന്ത്രിയെ ധരിപ്പിച്ചു. സ്ഥാപനത്തിലെ വർക്ക്മെൻ ജീവനക്കാർ കഴിഞ്ഞ രണ്ടുമാസക്കാലമായി ഇൻസെന്റീവ് വാങ്ങാതെ പ്രതിഷേധിക്കുന്ന സാഹചര്യവും മന്ത്രിയെ ബോധ്യപ്പെടുത്തി. 98,000/- രൂപയായിരുന്ന പരമാവധി പരിധി പൊതുതീരുമാനത്തിന്റെ ഭാഗമായാണ് അദ്ദേഹം 75,000/- രൂപയായി കുറച്ചത്. എന്നാൽ മറ്റുപല സ്ഥാപനങ്ങളും ഇത് നടപ്പാക്കിയില്ലെന്ന വിമർശനമുണ്ടായി. ആ പരാതി ഇത്തവണ പരിഹരിക്കുക മാത്രമാണ് ഉണ്ടായതെന്ന് മന്ത്രി അറിയിച്ചു. ബീവറേജസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞവർഷം നൽകിയ നിരക്ക് നിലനിർത്തിയകാര്യം നാം മന്ത്രിയോട് സൂചിപ്പിച്ചു. നമ്മുടെ ആവശ്യങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട ധനമന്ത്രി പ്രശ്നം രമ്യമായി പരിഹരിക്കുമെന്ന് ഉറപ്പു നൽകി. എത്രയും വേഗംതന്നെ ഇൻസെന്റീവ് പുതുക്കി നിശ്ചയിച്ചു നൽകുമെന്നും അറിയിച്ചു. ഇതിന് സത്വരനടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന് അന്നുതന്നെ സംസ്ഥാന ഭാരവാഹി യോഗവും 17.10.18ന് സംസ്ഥാന കമ്മിറ്റിയോഗവും ചേർന്നു. സംഘടന ഏറ്റെടുത്ത ഏറ്റവും ന്യായമായ ആവശ്യത്തെ മുൻനിർത്തിയുള്ള സമരം ന്യായമായി ഒത്തുതീർപ്പാക്കാനുള്ള നടപടി സ്വീകരിച്ച മാനേജ്മെന്റിനെയും സർക്കാരിനെയും സംഘടന അഭിവാദ്യം ചെയ്യുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഉറപ്പ് അംഗീകരിച്ചുകൊണ്ട് തുടർ പ്രക്ഷോഭങ്ങൾ വേണ്ടായെന്നും ഇൻസെന്റീവ് ബഹിഷ്കരണ സമരം പിൻവലിക്കാനും തീരുമാനിച്ചു. ഈ തീരുമാനം അനുസരിച്ച് 25.10.2018ന് നാം കൂട്ടായി ഇൻസെന്റീവ് കൈപ്പറ്റേണ്ടതാണ്. (നാം ഇൻസെന്റീവ് ബഹിഷ്കരിച്ചത് ഒരേ ദിവസം. കൈപ്പറ്റുന്നതും ഒരേ ദിവസമായിരിക്കണം - കാരണം കൂട്ടായ്മയാണ് നമ്മുടെ വിലപേശൽ ശക്തി). നമ്മുടെ അംഗങ്ങളെ കൂടാതെ അവകാശബോധമുള്ള നിരവധി ജീവനക്കാരും ഇൻസെന്റീവ് ബഹിഷ്കരണ സമരത്തിൽ പങ്കാളികളായി. അവരെയും സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

ബഹു. ധനമന്ത്രി നമ്മുടെ സംഘടനയ്ക്കു നൽകിയ ഉറപ്പിന്റെയടിസ്ഥാനത്തിൽ 2017-18ലെ ഇൻസെന്റീവ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

2. **പെർഫോമൻസ് ഇൻസെന്റീവ്/ബോണസ് ലെവി**

പെർഫോമൻസ് ഇൻസെന്റീവ്/ബോണസ് തുകയ്ക്ക് 3% ലെവി അംഗങ്ങളിൽ നിന്ന് ശേഖരിയ്ക്കാൻ തീരുമാനിച്ചു. ബോണസ് തുകയ്ക്ക് ലെവി ശേഖരിക്കുമ്പോൾ, ബോണസ് തുകയിൽ നിന്നും ഫെസ്റ്റിവൽ അലവൻസ് ആയ 2750/-രൂപ കുറച്ചുകിട്ടിയ തുകയ്ക്കു വേണം ലെവി ശേഖരിയ്ക്കേണ്ടത്. 25.10.18ന് തന്നെ ലെവി ശേഖരിക്കണമെന്ന് തീരുമാനിച്ചു.

സംസ്ഥാനകമ്മിറ്റിയോഗം എടുത്ത മറ്റുതീരുമാനങ്ങൾ പ്രത്യേകം സർക്കുലറായി ഉടൻതന്നെ അംഗങ്ങളെ അറിയിക്കുന്നതാണ്.

അഭിവാദനങ്ങളോടെ,

തൃശൂർ

22-10-18

**എസ്. മുരളീകൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി